**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **11-09-2023 - ൽ മറുപടിയ്ക്ക്**

**പുരാതന കിണർ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാംപരത്തി ദേശത്ത് അടുത്തിടെ കുഴി എടുത്തപ്പോൾ കണ്ടെത്തിയ പുരാതനകാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്ന കിണറിനെ കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കിണറിനെ മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെടുത്തി സംരക്ഷിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മണ്ഡലത്തിൽ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ അഞ്ചാംപരത്തി ദേശത്ത് അടുത്തിടെ കുഴി എടുത്തപ്പോൾ കണ്ടെത്തിയ പുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതുന്ന കിണറും അതു നിൽക്കുന്ന സ്ഥലവും പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം ചാർജ്ജ് ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ തുടർ പഠനങ്ങളുടെ സാധ്യത പരിശോധിച്ച് പുരാവസ്തു വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതിന് ശേഷം മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെടുത്തിയുള്ള സംരക്ഷണകാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കിണറിന്റെ പഴക്കവും പ്രാധാന്യവും മനസ്സിലാക്കുന്നതിന് ശാസ്ത്രീയമായ ചരിത്ര പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മണ്ഡലത്തിൽ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ അഞ്ചാംപരത്തി ദേശത്ത് അടുത്തിടെ കുഴി എടുത്തപ്പോൾ കണ്ടെത്തിയ പുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതുന്ന കിണറും അതു നിൽക്കുന്ന സ്ഥലവും പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം ചാർജ്ജ് ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ തുടർ പഠനങ്ങളുടെ സാധ്യത പരിശോധിച്ച് പുരാവസ്തു വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതിന് ശേഷം മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെടുത്തിയുള്ള സംരക്ഷണകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ